# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വൈത്തിരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/ഡബ്ല്യൂ.വൈ.ഡി/ പി-1 /1011/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 19/12/2022
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വൈത്തിരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/ഡബ്ല്യു.വൈ.ഡി/ പി-1 /1011/2022 തീയ്യതി: 19/12/2022

## വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അഗസ്റ്റ്യൻ ഒ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 10-10-2022 | 22-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-10-2022 | 22-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ലീലാകൃഷ്ണൻ നന്ദനത്ത് മഠം, ഓഡിറ്റ് ഓഫീസർ
2. നവാസ് കെ. എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ഡേവിഡ് കെ. വി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4. ഹസീന സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിജേഷ് എം വി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ഇന്ദിര പി കെ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷാജികുമാർ പി ആർ | അസി. സെക്രട്ടറി | 01-04-2021 | 05-07-2021 |
| ജയ പ്രശാന്ത് സി | അസി. സെക്രട്ടറി ഇൻ ചാർജ് | 06-07-2021 | 25-07-2021 |
| സുരേഷ് എം ബി | അസി. സെക്രട്ടറി | 26-07-2021 | 31-03-2022 |
| സുമിത എം | ഐസിഡി എസ് സൂപ്പർവൈസർ | 01-04-2021 | 08-07-2021 |
| ടിന്റു കുര്യൻ | ഐസിഡി എസ് സൂപ്പർവൈസർ | 09-07-2021 | 31-03-2022 |
| ഡോ.വി ആർ താര | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.ജോയ് അലക്സ് | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2021 | 31-03-2022 |
| ഡോ.ജുബിന | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 31-03-2022 |
| പി കെ കരീം | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രുതി ലക്ഷ്മി പി ജി | കൃഷി ഓഫീസർ | 01-04-2021 | 15-10-2021 |
| അഖിൽ പി | കൃഷി ഓഫീസർ | 16-10-2021 | 31-03-2022 |
| മനുരാജ് | അസി. എഞ്ചിനീയർ | 01-04-2021 | 13-05-2021 |
| റോഷൻ കെ ബി | അസി. എഞ്ചിനീയർ | 14-05-2021 | 31-03-2022 |
| ശ്രീലത എ | വി ഇ ഒ | 01-04-2021 | 31-03-2022 |
| ആഷിഖ് ബാബു സി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 09-10-2021 |
| സരിത എസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 10-10-2021 | 31-03-2022 |
| വിശാന്ത് കെ | ഡയറി ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണസംവിധാനം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ. | 1-11 |
| 12 | ഇൻറഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെൻറ് സിസ്റ്റം (ILGMS) സോഫ്റ്റ് വെയറിലെ പ്രായോഗിക പ്രശ്നങ്ങൾ | 1-12 |
| 13 | വാടക ഡിമാന്റ് ചെയ്യുതിൽ കുറവ് | 1-13 |
| 14 | മരുന്ന് വാങ്ങൽ -അപാകതകൾ | 1-14 |
| 15 | ഹരിതഭവനം പദ്ധതിവികസന ഫണ്ടിൽ നിന്നും അധിക തുക അനുവദിച്ചു | 1-15 |
| 16 | നഞ്ചൻ റോഡ് കോൺക്രീറ്റ് - ടെണ്ടർ വ്യതിയാനം കുറവ് ചെയ്തില്ല. | 1-16 |
| 17 | പദ്ധതി നിർവ്വഹണം - മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കിയിട്ടില്ല. | 1-17 |
| 18 | അസി. എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല. | 1-18 |
| 19 | പൊതുമരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിലെയും നിർവ്വഹണത്തിലെയും വീഴ്ചകൾ | 1-19 |
| 20 | മത്സ്യകൃഷിക്ക് ധനസഹായം - ഫിഷറീസ് വകുപ്പിന്റെ വിഹിതം നൽകൽ | 1-20 |
| 21 | ഭവന നിർമ്മാണം ലൈഫ് പൂർത്തിയാക്കാത്ത വീടുകൾ സംബന്ധിച്ച വിവരം | 1-21 |
| 22 | ബയോബിൻ വിതരണം- വിതരണം ചെയ്ത രേഖകൾ ഹാജരാക്കിയില്ല | 1-22 |
| 23 | ഹോമിയോ മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കിയില്ല. | 1-23 |
| 24 | ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ(2021-22 വർഷം) അനുവദിച്ചതു സംബന്ധിച്ച് | 1-24 |
| 25 | മരം മുറിച്ചുമാറ്റൽ-തുടർ നടപടികളില്ല | 1-25 |
| | ഭാഗം **2** | |
| | --- No Records Found --- | |

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | Abstract Of Annual Financial Statement |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ബഡ്ജറ്റ് താഴെപ്പറയുന്ന രീതിയിൽ അംഗീകരിച്ചിട്ടുണ്ട്.

| ഇനം | 2021-22 | |
|---|---|---|
| | യഥാർത്ഥം | പുതുക്കിയത് |
| മുൻബാക്കി | 0 | 3805930 |
| വരവ് | 176672500 | 218546030 |
| ആകെ | 176672500 | 222351960 |
| ചെലവ് | 174817000 | 214903000 |
| നീക്കിബാക്കി | 1855500 | 7448960 |
| തീരുമാനം നമ്പർ/തീയതി | 1/1/18.02.21 | 2/1/19.3.22 |

പഞ്ചായത്ത് ഭരണസമിതി പാസ്സാക്കിയ യഥാർത്ഥ ബജറ്റിൽ മുൻബാക്കി ഉൾപ്പെടുത്തിയില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 15.05.2022 | 13.09.2021 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,22,48,949 |
| വരവ് | 9,07,61,481 |
| ആകെ | 11,30,10,430 |
| ചെലവ് | 8,96,58,458 |
| നീക്കിയിരിപ്പ് | 2,33,51,972 |

## 1-4 ഫണ്ട് വിനിയോഗം

| | മുന്നിരിപ്പ് | വരവ് / അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിബാക്കി/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | NIL | 14200403 | 14200403 | 13889121 | 311282 |
| വികസന ഫണ്ട് (എസ്.സി.പി) | NIL | 6895792 | 6895792 | 6665000 | 230792 |
| വികസന ഫണ്ട് (ടി.എസ്.പി) | NIL | 3626500 | 3626500 | 3199955 | 426545 |
| മെയിന്റനൻസ് (റോഡ്) | NIL | 4452000 | 4452000 | 4342777 | 605223 |
| മെയിന്റനൻസ് (റോഡിതരം) | NIL | 5077253 | 5077253 | 2673712 | 2403541 |

| | | | | | |
|---|---|---|---|---|---|
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | NIL | 10180622 | 10180622 | 6823707 | 3356915 |
| | NIL | | | | |
| കെ.എൽ.എസ്.ജി.ഡി.പി | NIL | NIL | NIL | NIL | NIL |
| ജനറൽ പർപ്പസ് ഗ്രാൻറ് | NIL | 9826023 | 9826023 | 9826023 | 0 |
| ജോയിന്റ് വെൻഞ്ചർ | 543000 | 1600000 | 2143000 | 1140266 | 1002734 |

പഞ്ചായത്ത് തയ്യാറാക്കി സമർപ്പിച്ച മേൽ വിവരങ്ങൾ ACRമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാ-ക്കാത്തവ (എണ്ണം) | പൂർത്തീ-കരിച്ച പ്രോജക്ടു-കളുടെ ശതമാനം |
|---|---|---|---|---|---|---|
| 232 | 13,55,97,496 | 182 | 6,24,41,461 | 0 | 50 | 78% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 38100 | 905602 | 943702 | 941833 | 1869 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 24497953 | 24497953 | 24497953 | 0 |
| മെറ്റീരിയൽസ് | 14700 | 769308 | 916408 | 916408 | 0 |

പഞ്ചായത്ത് ലഭ്യമാക്കിയ മേൽ കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-7 ക്ഷേമ പദ്ധതികൾ

| പെൻഷൻ ഇനം | ചെലവഴിച്ച തുക | ആകെ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിലില്ലായ്മ വേതനം | 12000 | 8 |
| കർഷക തൊഴിലാളി പെൻഷൻ | 3604000 | 186 |
| വിധവ പെൻഷൻ | 15874800 | 835 |
| വാർദ്ധക്യ കാല പെൻഷൻ | 26116800 | 1465 |
| വികലാംഗ പെൻഷൻ | 4244800 | 222 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |
| അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 366400 | 18 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22/10/22 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 292 /-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ നിർവഹിക്കുന്നതിനും രജിസ്റ്ററുകളും രേഖകളും എഴുതി സൂക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരും ഭരണസമിതിയും വേണ്ടത്ര ശ്രദ്ധ ചെലുത്തി.

1994 -ലെ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 ഒന്നാം ഉപവകുപ്പ് മൂന്നാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ നിർവഹിക്കുന്നതിനും പഞ്ചായത്ത് ശ്രദ്ധ ചെലുത്തി.സെക്രട്ടറിയും നിർവ്വഹണ ഉദ്യോഗസ്ഥരും പരിമിതിക്കുള്ളിൽ നിന്ന് കാര്യക്ഷമമായ പ്രവർത്തനം നടത്താൻ ശ്രമിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08/06/2022 To 10/06/2022 | 01/04/2021 മുതൽ 31.03.2022 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.07.2018 | 2013/14 മുതൽ 2017/18 വരെ | 24/10/2018 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉണ്ടായിരിക്കേണ്ടതും സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ 27.07.2022 ലെ 2(1)/22 നമ്പർ തീരുമാന പ്രകാരം ഗ്രാമ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2021-22 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഇല്ല. സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടുമില്ല. വാർഷിക കണക്കുകൾ സംബന്ധിച്ച മറ്റ് ന്യൂനതകൾ താഴെ കൊടുക്കുന്നു.

1. ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാലും ആസ്തികളുടെ കാൽകുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാലും ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളിൽ സ്ഥിര ആസ്തികളുടെ മൂല്യം രേഖപ്പെടുത്തിയിരിക്കുന്നതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല. തൻവർഷം ബാലൻസ് ഷീറ്റ് പ്രകാരം സ്ഥിര ആസ്തികളിൽ കൂട്ടിച്ചേർക്കലുകൾ ഉണ്ട്. എന്നാൽ ബാലൻസ് ഷീറ്റിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ കൂട്ടിച്ചേർക്കൽ ഇല്ല. തൻവർഷത്തെ മുൻബാക്കി തന്നെയാണ് നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നത് (₹4,54,20,516/-).

2. ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാലും കാൽകുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാലും ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ ആസ്തികൾക്ക് രേഖപ്പെടുത്തിയിരിക്കുന്ന ഡിപ്രീസിയേഷന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല. 2020-21 വർഷത്തെ ഡിപ്രീസിയേഷന്റെ മൂല്യം ₹14,26,810/- ആണ് എന്നാൽ തൻവർഷത്തെ ഡിപ്രീസിയേഷന്റെ മൂല്യം ₹1,68,43,555/- ആണ്.

3. താഴെപ്പറയുന്ന അക്കൌണ്ടുകളുടെ റീകൺസിലേഷനും ബാങ്ക് പാസ് ബുക്ക്/സ്റ്റേറ്റ് മെന്റ് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | അക്കൌണ്ട് | ബാങ്ക് ബുക്ക് നീക്കിയിരിപ്പ് |
|---|---|---|
| 1 | 450210101 - Nationalise Bank Account Of Own Revenue Fund | ₹164099/- |
| 2 | 450210101 - Kerala Gramin Bank (40130101017636) | ₹106132/- |

4. പഞ്ചായത്ത് ദുരിതാശ്വാസ നിധിയുടെ ബാധ്യതയായി ബാലൻസ് ഷീറ്റിലെ ബി-2 ഷെഡ്യൂളിൽ ₹66743/- ആണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നാൽ ബി-17 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തി ₹65904/- ആണ്.

5. ബി-4 ഷെഡ്യൂളിൽ ബാധ്യത ആയി രേഖപ്പെടുത്തിയിട്ടുള്ള തുകകൾ ഏതെല്ലാം ബാങ്ക് അക്കൗണ്ടുകളിലാണ് സൂക്ഷിച്ചിരിക്കുന്നത് എന്നത് വ്യക്തമല്ലാത്തതിനാൽ പ്രസ്തുത ബാധ്യതകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6. വിവിധ നികുതി/നികുതിയേതര വരവുകളുടെ രജിസ്റ്റർ/റിപ്പോർട്ടുകളിലെയും വാർഷിക കണക്കുകളിലെയും ഡിമാന്റും കളക്ഷനും തമ്മിൽ വ്യത്യാസമുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | വാർഷിക കണക്ക് | | രജിസ്റ്റർ/റിപ്പോർട്ട് | |
|---|---|---|---|---|
| | ഡിമാന്റ്(₹) | കളക്ഷൻ(₹) | ഡിമാന്റ്(₹) | കളക്ഷൻ(₹) |
| വസ്തുനികുതി നോൺ റസിഡൻഷ്യൽ ബിൽഡിംഗ് (തന്നാണ്ട് ) | 13500566 | 13068835 | 13500566 | 13019125 |
| വസ്തുനികുതി റസിഡൻഷ്യൽ ബിൽഡിംഗ് (തന്നാണ്ട് ) | 1803687 | 1702351 | 1803687 | 1770139 |
| തൊഴിൽ നികുതി - കച്ചവടക്കാർ | 62440 | 62440 | 442740 | 442740 |
| തൊഴിൽ നികുതി - ജീവനക്കാർ | 3360490 | 3342990 | 225000 | 225000 |
| തൊഴിൽ നികുതി - ഇൻസ്റ്റിറ്റ്യൂഷൻ | 627070 | 445030 | 3345490 | 3345490 |

7. കുടിശ്ശിക വാടക ഡി.സി.ബി. രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാലും കെട്ടിട വാടക രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സൂക്ഷിക്കാത്തതിനാലും ഈ ഇനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

8. മുൻകൂർ ഡെപ്പോസിറ്റ് തുകകൾ ബാലൻസ് ഷീറ്റും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | രജിസ്റ്റർ | ബാലൻസ് ഷീറ്റ് |
|---|---|---|
| 1 | ₹13,19,794/- | ₹39,82,244/- |
| 2 | ₹26,99,941/- | ₹39,19,762/- |

9. നോൺറോഡ് സംരക്ഷണ ഗ്രാന്റ് ചെലവ് എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല.

| വാർഷിക കണക്കുകൾ (RP Statement) | എ.സി.ആർ |
|---|---|
| ₹26,17,269/- | ₹26,73,712/- |

10. വാർഷിക കണക്കുകൾ പ്രകാരം ടെണ്ടർ ഫോറം വില്പനയിനത്തിൽ തൻവർഷം ₹2,69,787/- വരവുണ്ട്. ടെണ്ടർ ഫോറം വില്പന രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

11. എം.എൻ.ആർ.ജി.എ - യുടെ ചെലവ് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

| വാർഷിക കണക്ക് (I & E) | എം.എൻ.ആർ.ജി.എ. വിഭാഗം ഹാജരാക്കിയ റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|
| ₹5,45,07,874/- | ₹2,79,05,797/- |

വാർഷിക കണക്കുകളിലെ മേൽപ്രകാരമുള്ള അപാകതകളും പോരായ്മകളും ചൂണ്ടിക്കാണിച്ച് നൽകിയ 22.10.2022 -ലെ ഓഡിറ്റ് എൻക്വയറി നം. 13/2021-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ന്യൂനതകൾ പരിഹരിച്ചറിയിക്കേണ്ടതാണ്.

## 1-12 ഇൻറഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെൻറ് സിസ്റ്റം (ILGMS) സോഫ്റ്റ് വെയറിലെ പ്രായോഗിക പ്രശ്നങ്ങൾ

ഇൻറഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെൻറ് സിസ്റ്റം (ILGMS) സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ 2021-22 വർഷത്തെ വാർഷിക കണക്കുകളാണ് ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളത്. തദ്ദേശ സ്ഥാപനത്തിൽ ഉപയോഗിച്ചുകൊണ്ടിരുന്ന വിവിധ സോഫ്റ്റ്‌വെയറുക്കൾക്ക് പകരമായി ഒറ്റ സോഫ്റ്റ്‌വെയർ എന്നതാണ് ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതു കൊണ്ടു ലക്ഷ്യമിടുന്നത്. വൈത്തിരി ഗ്രാമപഞ്ചായത്തിൽ 24.09.20 മുതൽ ഐ.എൽ.ജി.എം.എസ്

സോഫ്റ്റ്‌വെയർ ഉപയോഗിച്ചുവരുന്നുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മുഴുവനായും ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്ക് മാറി എന്നാണ് പറയപ്പെടുന്നത്. എന്നാൽ നിലവിലും ഫയൽ ട്രാക്കിംഗ്, സിവിൽ രജിസ്ട്രേഷൻ, ഫിനാൻസ് മൊഡ്യൂൾ എന്നിവ മാത്രമെ ഈ സോഫ്റ്റ്‌വെയറിൽ ലഭ്യമാക്കിയിട്ടുള്ളൂ. അതും കുറ്റമറ്റ രീതിയൽ പ്രവർത്തന സജ്ജമാക്കിയിട്ടില്ല. ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ വാർഷിക കണക്കുകളുമായി (ഓൺലൈൻ പരിശോധന) ബന്ധപ്പെട്ട ഏതാനും ന്യൂനതകൾ താഴെ പറയുന്നു.

1. ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ള 2021-22 വർഷത്തെ വാർഷിക കണക്കുകളുടെ ലെഡ്ജർ അക്കൗണ്ടുകൾ പരിശോധിച്ചതിൽ കെട്ടിട നികുതിയുടെ ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത് സാമ്പത്തിക വർഷാവസാനമാണ്. തൻ വർഷത്തെ (പുതിയ ഡിമാന്റ്) അടക്കം മുഴുവൻ ഡിമാന്റും 31.03.2022 ജേണൽ എൻട്രി വഴിയാണ് നടത്തിയിട്ടുള്ളത്. ഇതിൽ നിന്നും ഡിമാന്റില്ലാതെ തന്നെ നികുതി റസീപ്റ്റ് ചെയ്യാൻ സോഫ്റ്റ്‌വെയറിൽ സാധിക്കുന്നുണ്ടെന്നാണ് വ്യക്തമാകുന്നത്. കൂടാതെ മാന്വൽ എൻട്രി വഴിയാണ് ഓപ്പണിംഗ് ഡിമാന്റും രേഖപ്പെടുത്തിയിട്ടുള്ളത്. കമ്പ്യൂട്ടർ പരിസ്ഥിതിയിൽ ഓപ്പണിംഗ് ഡിമാന്റ് സിസ്റ്റം ജനറേറ്റഡ് ഡിമാന്റായി വരേണ്ടതായിരുന്നു.

2. വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന വരവുകൾ ഓൺലൈനായി പരിശോധിക്കാൻ സാധിക്കുന്നില്ല. ഉദാഹരണമായി വാർഷിക കണക്കുകളിലെ വരവുകളുടെ കണക്കുകൾ ഓൺലൈനായി പരിശോധിക്കുന്നതിന്റെ ഭാഗമായി RP -I Tax Revenue സ്റ്റേറ്റ്മെന്റിൽ അക്കൗണ്ട് ഹെഡ് 110100102 Property Tax On Non Residencial Building -ൽ രേഖപ്പെടുത്തിയിരിക്കുന്ന വരവ് തുകയായ ₹7,91,299/- - ൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭ്യമായ സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള ആകെ പ്രസ്തുത നികുതി വരവ് തുക ₹1,42,91,865/- ആണ്. അതുപോലെ RP -45 Sundry Deptors സ്റ്റേറ്റ് മെന്റിൽ അക്കൗണ്ട് ഹെഡ് 431100103 Receivables For Property Tax On Non Residencial Building (Current) -ൽ രേഖപ്പെടുത്തിയിരിക്കുന്ന വരവ് തുകയായ ₹1,22,77,536/- - ൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭ്യമായ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ പ്രസ്തുത നികുതി വരവ് തുക ₹1,38,65,235/- ആണ്.

മേൽ പറഞ്ഞതിനു പുറമെ പ്രസ്തുത രണ്ട് വരവുകളും RP -45 Sundry Deptors - 431100103 Receivables For Property Tax On Non Residencial Building (Current) എന്ന അക്കൗണ്ട് ഹെഡിലായിരുന്നു.

3) അക്രൂവൽ വരവിനങ്ങളുടെ അസസ്സ്മെന്റ് വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ലഭ്യമല്ല.

4) വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ആസ്തികളുടെ ഡിപ്രീസിയേഷൻ സിസ്റ്റം ജനറേറ്റഡ് അല്ല. ഡിപ്രീസിയേഷന്റെ മൂല്യം മാന്വൽ ആയി കണക്കാക്കിയാണ് സോഫ്റ്റ് വെയറിൽ ഉൾപ്പെടുന്നത് എന്നതിനാൽ തെറ്റുകൾക്ക് സാധ്യത കൂടുതലാണ്.

5) ഗ്രാമപഞ്ചായത്തുകളിൽ സൂക്ഷിച്ചു വന്നിരുന്ന വിവിധ രജിസ്റ്ററുകൾ ഡിജിറ്റൽ ഫോമിലേക്ക് മാറ്റിയിട്ടില്ല (ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ തുടങ്ങിയവ). ആയതിനാൽ ആയവയുടെ ഓൺലൈൻ പരിശോധന സാധ്യമല്ല.

6) Receipt Voucher, Payment Voucher, Contra Voucher, Journal Voucher എന്നിവയുടെ ലിസ്റ്റ് നിലവിലും ഐ.എൽ.ജി.എം.എസ്. -ൽ ലഭ്യമാക്കിയിട്ടില്ല.

7) നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലുകളൊന്നും സോഫ്റ്റ്‌വെയറിൽ ലഭ്യമല്ല.

8) ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറിൽ ലഭ്യമാക്കുന്ന രേഖകളൊന്നും ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ തയ്യാറാക്കുന്നവയല്ല. മാന്വൽ ആയി തയ്യാറാക്കിയവയുടെ സ്കാൻഡ് കോപ്പികളാണ് ഫയലിൽ അറ്റാച്ച് ചെയ്യുന്നത്. ആയതിനാൽ ആയതിന്റെ മൗലികത ഉറപ്പുവരുത്താൻ സാധ്യമല്ല. ആയതിന് പുറമെ ഫയൽ അടിസ്ഥാനമാക്കിയുള്ള സിസ്റ്റമാണ് ഐ.എൽ.ജി.എം.എസ്. എന്നാൽ ആവശ്യമായ രേഖകൾ അറ്റാച്ച് ചെയ്യാതെയും ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയർ മുഖേനെ പെയ്മെന്റ് നടത്താൻ സാധിക്കും.

9) ഡിജിറ്റൽ ഫോമിലല്ല ഗ്രാമപഞ്ചായത്തിലെ വിവിധ അപേക്ഷകളും ടാക്സ് റിട്ടേണുകളും സ്വീകരിക്കുന്നത്. ആയതിനാൽ ഡാറ്റാ എൻട്രിക്കും മറ്റുമായി കൂടുതൽ സമയം ചെലവഴിക്കേണ്ടതായും ക്ലറിക്കൽ തെറ്റുകൾക്കുള്ള സാധ്യതയും വർദ്ധിക്കുന്നു.

10) എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും കെട്ടിടങ്ങൾക്ക് കംപ്ലീഷൻ നൽകുന്ന മുറയ്ക്ക് ആയവയ്ക്ക് ഓൺലൈനായി നമ്പർ നൽകുന്നതിനും ടാക്സ് നിർണ്ണയിക്കുന്നതിനും നിലവിൽ ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറിൽ സംവിധാനം ഇല്ല. എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ഫയലുകൾ മാന്വൽ ആയി കൈപ്പറ്റിയാണ് നിലവിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നത്.

മേൽ പറഞ്ഞവയ്ക്ക് പുറമേ 2020-21വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നം. 1-4 പരാമർശിച്ച ന്യൂനതകൾ നിലവിലും തുടരുന്നുണ്ട്.

മേൽ പറഞ്ഞ നിരീക്ഷണങ്ങളെ കുറിച്ചുള്ള ഗ്രാമപഞ്ചായത്തിന്റെ അഭിപ്രായവും ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ തരാനുണ്ടെങ്കിൽ ആയതും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ്

അന്വേഷണകുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം. 14/2021-22 തിയ്യതി 22.10.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ നിരീക്ഷണങ്ങൾ സംബന്ധിച്ച ഗ്രാമപഞ്ചായത്തിന്റെ അഭിപ്രായം അറിയിക്കേണ്ടതാണ്.

## 1-13 വാടക ഡിമാന്റ് ചെയ്യുതിൽ കുറവ്

വൈത്തിരി ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷത്തെ വാടക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമല്ല. വാടക രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തൽ വരുത്തിയിട്ടില്ലാത്തതിനാൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. അരിയർ ഡിമാന്റ് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മുൻവർഷങ്ങളിലെ കുടിശ്ശിക തുകകളുടെ കണക്കുകളും ലഭ്യമല്ല. വാർഷിക കണക്കുകൾ പ്രകാരമുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| മുൻബാക്കി(2020-21 എ.എഫ്.എസ്, B15 പ്രകാരം) | കളക്ഷൻ(2021-22 എ.എഫ്.എസ് RP(45) പ്രകാരം) | ബാലൻസ്(2021-22 എ.എഫ്.എസ് B(15) പ്രകാരം) |
|---|---|---|
| 75458 | 32246 | 43212 |

2020-21 ലെ വാർഷിക ധനകാര്യ പത്രിക I-3പ്രകാരം വാടക ഡിമാന്റ് 12,56,489 രൂപയായിരുന്നു. എന്നാൽ തൻവർഷം ഡിമാന്റ് 6,87,616 രൂപയാണ് (568873രൂപ കുറവ്).

അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 15/21-22 .തീയതി 22/10/2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഡിമാന്റിൽ കുറവ് വരുത്തിയതിന്റെ സാഹചര്യം രേഖകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 മരുന്ന് വാങ്ങൽ -അപാകതകൾ

നിർവ്വഹണം – മെഡിക്കൽ ഓഫീസർ പി എച്ച് സി സുഗന്ധഗിരി

മെഡിക്കൽ ഓഫീസർ പി എച്ച് സി സുഗന്ധഗിരി നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ പദ്ധതികൾക്കായി മരുന്ന് വാങ്ങിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം, പേര്,അടങ്കൽ | മരുന്ന് വാങ്ങിക്കാൻ ചെലവഴിച്ച തുക | ട്രഷറി ബിൽ നം |
|---|---|---|
| 87/22 പെയിൻ & പാലിയേറ്റീവ്<br>അടങ്കൽ- 10,00,000 | 4,63, 399 | 24/24.3.22-4,63, 399 |
| 94/22 വൃക്ക രോഗികൾക്ക്<br>മരുന്ന് വാങ്ങൾ<br>അടങ്കൽ- 5,00,000 | 5,00,000 | 7/13.8.21 - 2,00,000<br>13/30.10.21 - 2,76,500<br>26/26.3.22 - 23500 |
| 120/22 കോവിഡ് പ്രതിരോധം<br>അടങ്കൽ- 5,00,000 | 4,95,079 | 7/25.6.21 - 2,75,129<br>18/4.2.22 - 1,30,000<br>23/24.3.22 - 65000<br>25/26.3.22 - 24950 |
| 120/22 എൻ സി ഡി<br>പ്രോഗ്രാം<br>അടങ്കൽ- 8,00,000 | 4,89,838 | 10/27.10.21 - 28,916<br>12/26.10.21 - 2,25,300<br>15/07.12.22-2,35,622 |

മേൽ പ്രോജക്ടുകൾക്കായി മേൽ പറഞ്ഞ തുകകൾക്കുള്ള മരുന്ന് സപ്ലൈക്കോ കുന്ദമംഗലത്തുള്ള ശബരി മെഡിക്കൽ സ്റ്റോറിൽ നിന്നും നേരിട്ട് വാങ്ങിക്കുകയാണ് ചെയ്തത്. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.5.3 പ്രകാരം അലോപ്പതി മരുന്ന് കേരള സ്റ്റേറ്റ് മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നു മാത്രമേ വാങ്ങാവൂ. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.5.4 പ്രകാരം അലോപ്പതി മരുന്ന് കേരള സ്റ്റേറ്റ് മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ ഇന്റന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമായില്ലെങ്കിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം അടിയന്തിര സാഹചര്യങ്ങൾ മറികടക്കുന്നതിനായി കാരുണ്യ,നീതി, ജൻ ഔഷധി സ്ഥാപനങ്ങളിൽ നിന്നും മരുന്ന് വാങ്ങാവുന്നതാണ്. എന്നാൽ ഇവിടെ മെഡിക്കൽ ഓഫീസർ എല്ലാ സാഹചര്യങ്ങളിലും സപ്ലൈക്കോയുടെ കുന്ദമംഗലത്തുള്ള ശബരി മെഡിക്കൽ സ്റ്റോറിൽ നിന്നും നേരിട്ട് വാങ്ങിക്കുകയാണ് ചെയ്തത്. ഇത്തരം നടപടികൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-15 ഹരിതഭവനം പദ്ധതിവികസന ഫണ്ടിൽ നിന്നും അധിക തുക അനുവദിച്ചു

കൃഷി ഓഫീസർ 2021-22 വർഷത്തിൽ നടപ്പിലാക്കിയ ഹരിതഭവനം പദ്ധതിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ | ചെലവ് | ബിൽ നം., തീയതി |
|---|---|---|---|---|
| 1 | എസ്.0274/22,<br>ഹരിതഭവനം<br>വനിത<br>ജനറൽ | 754000(വികസന ഫണ്ട്)<br>2,26,000 (തനത് ഫണ്ട്)<br>4,20,000 (ഗു.വിഹിതം സ്ഥാപനത്തിൽ അടക്കുന്നത്)<br>ആകെ:₹ 14,00,000 | ₹754000 (വികസന ഫണ്ട്)<br>ബ്രഹ്മഗിരി ഡവലപ്മെന്റ് സൊസൈറ്റിക്ക് നൽകി | 5/21-22<br>27.3.22 |
| ആകെ ചെലവ് | | | ₹754000 | |

മൽസ്യ കൃഷിക്ക് കുളം നിർമ്മാണം, കോഴി- കോഴിക്കൂട് നൽകൽ, പച്ചക്കറി കൃഷിക്ക് ആവശ്യമായ മഴ മറ നിർമ്മാണം

എന്നിവ ഉൾപ്പെടുന്നതാണ് ഹരിതഭവനം പദ്ധതി. മേൽ പ്രവർത്തനങ്ങൾക്കാണ് നിർവ്വഹണ ഏജൻസിയായ ബ്രഹ്മഗിരി ഡവലപ്‌മെന്റ് സൊസൈറ്റിയുടെ ചുമതല. 14 ഗുണഭോക്താക്കൾക്ക് 1,00,000 രൂപ വീതം ചെലവ് വരുന്ന (ആകെ അടങ്കൽ 14,00,000) നിർവ്വഹണപ്രവർത്തനങ്ങൾക്കാണ് നിർവ്വഹണ ഏജൻസിയായ ബ്രഹ്മഗിരി ഡവലപ്‌മെന്റ് സൊസൈറ്റി ചെയ്തു നൽകുന്നത്. ആയതിനാൽ യൂണിറ്റ് കോസ്റ്റ് ആയ 1,00,000 രൂപയുടെ വിഭജനം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| വികസന ഫണ്ട് | 53857 |
| തനത് ഫണ്ട് | 16143 |
| ഗു.വിഹിതം(സ്ഥാപനത്തിൽ അടക്കുന്നത്) | 30000 |
| ആകെ | 1,00,000 |

14 ഗുണഭോക്താക്കൾക്ക് 1,00,000 രൂപ വീതം ചെലവ് വരുന്ന ആകെ അടങ്കൽ 14,00,000 തയ്യാറാക്കിയത് .എന്നാൽ 11 ഗുണഭോക്താക്കൾ മാത്രമാണ് 30000 രൂപ വീതം ഗു.വിഹിതം അടച്ച് പദ്ധതിയിൽ പങ്കാളികളായത്.

പക്ഷെ താഴെ പറയുന്ന വിധത്തിലാണ് വികസനഫണ്ടിൽ നിന്നും ബ്രഹ്മഗിരി ഡവലപ്‌മെന്റ് സൊസൈറ്റിക്ക് തുക നൽകിയിട്ടുള്ളത്.

| വികസനഫണ്ടിൽ നിന്നും കൊടുക്കേണ്ട തുക | വികസനഫണ്ടിൽ നിന്നും കൊടുത്ത തുക |
|---|---|
| 11 X 53,857.15 = 5,92,428 | 14 X 53857.15 = 754000 |
| വികസനഫണ്ടിൽ നിന്നും അധികം കൊടുത്ത തുക | 1,61,572 |

തനത് ഫണ്ടിൽ നിന്നും പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതത്തിൽ നിന്നും കൊടുക്കേണ്ട തുക നൽകുന്നതിനായി 2022-23 ൽ സ്പിൽ ഓവർ പ്രോജക്ട് വെച്ചിട്ടുണ്ട്.വികസനഫണ്ടിൽ നിന്നും അധികം കൊടുത്ത തുകയായ 1,61,572 രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് ട്രഷറിയിൽ തിരിച്ചടക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.1,61,572 രൂപ ചെലവഴിച്ചത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 നഞ്ചൻ റോഡ് കോൺക്രീറ്റ് - ടെണ്ടർ വ്യതിയാനം കുറവ് ചെയ്തില്ല.

അസി. എഞ്ചിനീയർ നടപ്പിലാക്കിയ നഞ്ചൻ റോഡ് കോൺക്രീറ്റ് എന്ന പ്രവൃത്തി എസ്റ്റിമേറ്റിനേക്കാൾ 16.8% കുറവ് നിരക്കിലാണ് (2021-22 ടെണ്ടർ രജിസ്റ്റർ വാല്യം I പേജ് നമ്പർ 85) കരാറുകാരൻ കരാറുടമ്പടിവെച്ച് പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത്. എന്നാൽ പ്രവൃത്തിയുടെ ചെലവ് അനുവദിച്ചപ്പോൾ ടെണ്ടർ വ്യതിയാനം കുറവ് ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്ടിന്റെ വിശദാംശങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 0172/22 |
| അടങ്കൽ | ₹2,25,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ്, വൗച്ചർ നം./ട്രഷറി ബിൽ നം., തീയതി | ₹2,20,575/-, (CBV No. 12/03, 14.03.2022/ |
| കരാറുടമ്പടി നമ്പർ, തീയതി | AE/LSGD/VGP/17/22, 04.10.2021 |
| കരാറുകാരാൻ | ശ്രീ. അബ്ദുൾ ഖാദർ |
| അളവ് പുസ്തകത്തിന്റെ നമ്പർ | 1) 142/21-22 (പേജുകൾ 01-09) |
| ബി ഒ ക്യൂ (Bill Of Quantities) | ₹200314.10 |
| പ്രവൃത്തി മൂല്യം | ₹1,96,942/- |

പ്രവൃത്തിയുടെ ബിൽ/മെമ്മോ ഓഫ് പേയ്മെന്റ് പ്രകാരമുള്ള ചെലവിന്റെ വിശദാംശങ്ങൾ

| | |
|---|---|
| പ്രവൃത്തി മൂല്യം | ₹1,96,942/- |
| ജി.എസ്.റ്റി. (12%) | ₹23,633/- |
| ആകെ ചെലവ് | ₹2,20,575/- |

ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാത്തതിനാൽ വന്ന അധിക ചെലവിന്റെ വിശദാംശങ്ങൾ

| | |
|---|---|
| പ്രവൃത്തി മൂല്യം | ₹1,96,942/- |
| ടെണ്ടർ വ്യതിയാനം തുക (16.8%) | ₹33,086/- |
| ടെണ്ടർ വ്യതിയാനം കുറവ് ചെയ്ത ശേഷം തുക | ₹1,63,856/- |
| ജി.എസ്.റ്റി. (12%) | ₹19,662.72 |
| ജി.എസ്.റ്റി. കൂട്ടിയതിന് ശേഷം തുക (പ്രവൃത്തിയുടെ യഥാർത്ഥ ചെലവ് ) | ₹183518.72 |
| അധിക ചെലവ് ( 2,20,575 - 1,83,518.72 = 37,056.38) | ₹37,056/- |

ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാത്തതിനാൽ മേൽപറഞ്ഞ വിധം ₹37,056/- യുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. 19.10.2022 -ലെ ഓഡിറ്റ് എൻക്വയറി നം. 03/2021-22 -മുഖേന അപാകത ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ചെലാൻ നം. KL018978636202223/20.10.2022 പ്രകാരം തുക ട്രഷറിയിൽ ഒടുക്കി രേഖകൾ ഹാജരാക്കിയിട്ടുണ്ട്. ഭാവിയിൽ ന്യൂനത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 പദ്ധതി നിർവ്വഹണം - മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കിയിട്ടില്ല.

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല.

1. പൂക്കോട് സബ് സെന്റർ അറ്റകുറ്റപണി.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 0012/22 |
| അടങ്കൽ | ₹3,00,000/- (സംരക്ഷണ ഗ്രാന്റ് റോഡിതരം) |
| പാർട്ട് ബിൽ, വൗച്ചർ നം./തീയതി | ₹95,452/- (CBV No. 33/03, 31.03.2022) |
| കരാറുടമ്പടി നമ്പർ, തീയതി | AE/LSGD/VGP/55/22, 02.12.2021 |
| കരാറുകാരൻ | ശ്രീ. ഉബൈദ് പി. |
| അളവ് പുസ്തകത്തിന്റെ നമ്പർ | 166/21-22 (പേജുകൾ 01-18) |
| പൂർത്തികരണ തീയതി | 31.03.2022 |
| അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അവസാന അളവിന്റെ തീയതി | 23.03.2022 (MB No. 166/21-22, പേജ് നം. 09) |

2. ഓഫീസ് കോമൺ സർവ്വീസ് സെന്റർ നിർമ്മാണം

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 0283/22 |
| അടങ്കൽ | ₹4,00,000/- (കേന്ദ്രാവിഷ്കൃത പരിപാടി) |
| പാർട്ട് ബിൽ, വൗച്ചർ നം./തീയതി | ₹1,80,901/- (CBV No. 17/03, 22.03.2022) |
| കരാറുടമ്പടി നമ്പർ, തീയതി | AE/LSGD/VGP/77/22, 01.02.2022 |
| കരാറുകാരൻ | ശ്രീ. മുഹമ്മദ് കെ. |
| അളവ് പുസ്തകത്തിന്റെ നമ്പർ | 1)MB No. 153/21-22 (പേജുകൾ 01-25)<br>2)MB No. 154/21-22 (പേജുകൾ 01-03) |
| പൂർത്തികരണ തീയതി | 31.03.2022 |
| അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അവസാന അളവിന്റെ തീയതി | 15.03.2022 (MB No. 153/21-22, പേജ് നം. 18) |

മേൽപറഞ്ഞ പ്രവൃത്തികളുടെ കരാറുകാർ പ്രവൃത്തിസമയം ദീർഘിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2116.1 വകുപ്പനുസരിച്ച് കരാറുടമ്പടിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടാൽ കരാർ റദ്ദ് ചെയ്ത് പ്രവൃത്തി മറ്റ് വിധത്തിൽ പൂർത്തിയാക്കാവുന്നതാണ്. കരാറുകാരൻ പ്രവൃത്തിയിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്തതിനോ, നിശ്ചിത സമയപരിധിക്കകം പൂർത്തികരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിനോ കരാർ തുകയുടെ 0.1% ഒരോ ആഴ്ചക്കും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. 2116.2 വകുപ്പ് അനുസരിച്ച് അവശേഷിക്കുന്ന പ്രവൃത്തിയുടെ 30% തുക കരാറുടമ്പടി ലംഘിച്ച കരാറുകാരനിൽ നിന്നും ഈടാക്കി പ്രവൃത്തി മറ്റൊരാളെ

ഏൽപ്പിക്കാവുന്നതുമാണ്.വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം. 10/2021-22/21.10.2022) മറുപടിയായി ആദ്യത്തേത് പ്രവൃത്തിച്ചുകൊണ്ടിരിക്കുന്ന സബ് സെന്റർ ആയതിനാൽ പ്രവർത്തന സമയത്തിന്റെ ഒഴിവനുസരിച്ച് മാത്രമേ പ്രവൃത്തി ചെയ്യാൻ കരാറുകാരന് സാധിക്കുന്നുള്ളൂ എന്നതു കൊണ്ടാണ് യഥാസമയം പൂർത്തിയാക്കാൻ സാധിക്കാത്തതെന്നും പൂർത്തികരണ ഘട്ടത്തിൽ നിയമാനുസൃത ഫൈൻ കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. രണ്ടാമത്തേതിന്റെ മരാമത്ത് പ്രവൃത്തികളെല്ലാം പൂർത്തിയായിട്ടുള്ളതാണെന്നും സ്ഥാപനത്തിനാവശ്യമായ കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളുടെയും വാങ്ങൽ സെക്രട്ടറിയുടെ നിർദ്ദേശാനുസരണം മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്.പ്രോജക്ടുകൾ പൂർത്തിയാക്കി അറിയിക്കേണ്ടതാണ്.

## 1-18 അസി. എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല.

അസി. എഞ്ചിനീയറുടെ പേരിൽ കനറാ ബാങ്കിന്റെ വൈത്തിരി ശാഖയിലുള്ള അക്കൌണ്ട് (A/C No. 0358101072655) ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്തതാണ്. ഈ ബാങ്ക് അക്കൗണ്ടിൽ 31.03.2022-ൽ ₹15,09,313/- നീക്കിയിരിപ്പുണ്ട്. ക്യാഷ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാലും ബാങ്ക് റിക്കൺസിലിയേഷൻ നടത്താത്തതിനാലും ഈ അക്കൗണ്ടുകളിലെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

12.04.2006ലെ ജി.ഒ.(പി)നം.177/2006/ധനം പ്രകാരം നോൺബാങ്കിംഗ് ട്രഷറി മുഖേന പണമിടപാടുകൾ നടത്തുന്ന തദ്ദേശ ഭരണസ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ (ഡിമാണ്ട് ഡ്രാഫ്റ്റ് നൽകുക എന്ന ആവശ്യത്തിനു മാത്രമായി) ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ഒരോ മാസത്തിന്റെയും അവസാനം ഇപ്രകാരം ആരംഭിച്ച അക്കൌണ്ടിൽ ബാക്കി നിൽക്കുന്ന തുക ചലാൻ മുഖേന ട്രഷറിയിൽ തിരിച്ചടക്കേണ്ടതാണ്. ഈ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്ന തുകകളുടെ വിവരം അനെക്സർ ബി - V ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. അസി. എഞ്ചിനീയർ മേൽ പറഞ്ഞ നടപടികൾ സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം. 09/2020-22/21.10.2022) മറുപടിയായി ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്ത് അറിയിക്കേണ്ടതാണ്.

## 1-19 പൊതുമരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിലെയും നിർവ്വഹണത്തിലെയും വീഴ്ചകൾ

ഗ്രാമപഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവും രേഖകളുടെ സൂക്ഷിപ്പും സംബന്ധിച്ച് പൊതുവായ ന്യൂനതകൾ താഴെ പറയുന്നു.

1) റോഡ് രജിസ്റ്റർ, റോഡ് കണക്ടിവിറ്റി ഭൂപടം എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗ രേഖ [ജി.ഒ.(എം.എസ്)നം. 72/2017/തസ്വഭവ, 29.03.2017] ഖണ്ഡിക 12.1 അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി ഭൂപടം തയ്യാറാക്കാൻ പദ്ധതി നടപ്പിലാക്കേണ്ടതാണ്.

2) 2021-22 വർഷത്തിൽ ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്ററും സെയ്ൽസ് രജിസ്റ്ററും എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഓരോ പ്രവൃത്തിക്കും എത്ര ടെണ്ടർ ഫോറങ്ങൾ വിറ്റിട്ടുണ്ടെന്നും എത്ര ടെണ്ടർ ഫോറങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്നും, പഞ്ചായത്തിൽ നിന്നും ടെണ്ടർ ഫോറം വാങ്ങിയിട്ടുള്ള എല്ലാ കരാറുകാരും ടെണ്ടർ സമർപ്പിച്ചിട്ടുണ്ടോ എന്നും സമർപ്പിച്ച ടെണ്ടർ ഫോറങ്ങൾ എല്ലാം ടെണ്ടർ രജിസ്റ്ററിൽ ചേർത്തിട്ടുണ്ടോ എന്നും ആയവ പ്രകാരം ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ടോ എന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) എം. ബുക്ക് സ്റ്റോക്ക് രജിസ്റ്ററും ഇഷ്യൂ രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല. എം. ബുക്കുകളിൽ നമ്പർ രേഖപ്പെടുത്താതെ സ്റ്റോക്കിൽ സൂക്ഷിച്ചിട്ടുള്ളത്. അളവ് പുസ്തകത്തിൽ അളവ് രേഖപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയും അളവ് പരിശോധിച്ച ഉദ്യോഗസ്ഥന്റെയും മെമ്മോ ഓഫ് പേയ്മെന്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥന്റെയും പേര് രേഖപ്പെടുത്തിയിട്ടില്ല. പല അളവ് പുസ്തകത്തിലെയും മെമ്മോ ഓഫ് പേയ്മെന്റ് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. അളവ് പുസ്തകത്തിൽ പലതിലും പേയ്മെന്റ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

4) വർക്ക് ഫയലുകളോടോപ്പം നോട്ട് ഫയൽ ഇല്ല. ഫയലിന് പേജ് നമ്പർ നൽകിയിട്ടില്ല. സെലക്ഷൻ നോട്ടീസ്, വർക്ക് ഓഡർ, സൈറ്റ് കൈമാറിയതിന്റെ കൈപ്പറ്റ് രേഖ എന്നിവ പല ഫയലിലും സൂക്ഷിച്ചിട്ടില്ല. ടെണ്ടർ മുഖേന നടപ്പിലാക്കിയ പല പ്രവൃത്തികളുടെയും ടെണ്ടർ നോട്ടീസ് ഇല്ല. ടെണ്ടർ പരസ്യത്തിന്റെ വിവരങ്ങളില്ല. ടെണ്ടറുകളുടെ താരതമ്യ പത്രികയില്ല. ടെണ്ടർ ഫോറങ്ങളിൽ പലതിലും ടെണ്ടർ തുറന്ന ഉദ്യോഗസ്ഥൻ ക്വോട്ട് ചെയ്ത നിരക്ക് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തിരുത്തലുകളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. അക്ഷരത്തിൽ നിരക്ക് രേഖപ്പെടുത്താത്ത ടെണ്ടറുകൾ നിരസിക്കുന്നില്ല. കരാറുകാരൻ രേഖപ്പെടുത്തിയ നിരക്കുകൾ എഞ്ചിനീയർ അക്ഷരത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പല പ്രവൃത്തികളുടെയും എസ്റ്റിമേറ്റിനോടൊപ്പം ലൊക്കേഷൻ മാപ്പും ഡ്രോയിങ്ങും

ഇല്ല. റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ചെയ്യേജ് രേഖപ്പെടുത്തിയിട്ടില്ല. പല പ്രവൃത്തികളുടെയും കരാറുടമ്പടിയിൽ പൂർത്തീകരണ തീയതി രേഖപ്പെടുത്തിയിട്ടില്ല. ഫയലുകളിൽ പലതിലും കംപ്ലീഷൻ സർട്ടിഫിക്കറ്റും മോണിറ്ററിംഗ് സർട്ടിഫിക്കറ്റും ഇല്ല. പല കരാറുടമ്പടികളിലും അസി. എഞ്ചിനീയർ ഒപ്പ് വച്ചിട്ടില്ല.

5) അസി. എഞ്ചിനീയറുടെ 2021-22 വർഷത്തെ ക്യാഷ് ബുക്ക് 13.08.2021 നാണ് ആരംഭിച്ചിട്ടുള്ളത്. എല്ലാ ദിവസവും ക്യാഷ് ബുക്ക് എഴുതിയിട്ടില്ല (ക്യാഷ് ബുക്ക് എഴുതാത്ത ദിവസങ്ങളിൽ പണമിടപാടുകൾ സംബന്ധിച്ച് സാക്ഷ്യപ്പെടുത്തൽ ഇല്ല). മാസാന്ത്യ ക്ലോസ്സിംഗ് നടത്തിയിട്ടില്ല. ക്യാഷ് ബുക്കിൽ ദിനം പ്രതിയുള്ള അകെ വരവ് ചെലവുകൾ കൂട്ടി എഴുതിയിട്ടില്ല. മുന്നിരിപ്പ്, ബാക്കി എന്നിവ രേഖപ്പെടുത്തുന്നില്ല. അസി. എഞ്ചിനീയറുടെ പേരിൽ കനറാ ബാങ്ക് വൈത്തിരി ശാഖയിൽ സേവിംഗ്സ് അക്കൗണ്ട് സൂക്ഷിച്ചിട്ടുണ്ട് (A/C No. 0358101072655). ആയതിലെ നീക്കിയിരുപ്പുമായി റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല. ആയതിനാൽ വരവ് ചെലവുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. 31.03.2022 - ന് ശേഷം ക്യാഷ് ബുക്ക് എഴുതിയിട്ടില്ല.

ഓഡിറ്റ് അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം. 11 /2021-22/21.10.2022) മറുപടിയായി ന്യൂനതകൾ പരിഹരിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ന്യൂനതകൾ പരിഹരിച്ചറിയിക്കേണ്ടതാണ്.

## 1-20 മത്സ്യകൃഷിക്ക് ധനസഹായം - ഫിഷറീസ് വകുപ്പിന്റെ വിഹിതം നൽകൽ

സ.ഉ(സാധാ)നം.1009/2020/തസ്വഭവ/29.05.2020 പ്രകാരം സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യകൃഷിക്ക് ധനസഹായം നൽകുന്നതിന് രണ്ട് സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ ആകെ ആറ് പ്രോജക്ടുകൾ ഫിഷറീസ് സബ് ഇൻസ്പെക്ടർ 2021-22 വർഷത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ | ചെലവ് | ചെക്ക് നം, തീയതി |
|---|---|---|---|---|
| 1 | എസ്.0208/22, വീട്ടുവളപ്പിൽ പടുത കുളത്തിലെ മത്സ്യകൃഷി (സ്പിൽ ഓവർ) | 32800 (തനത് ഫണ്ട്)<br>16400 (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>73800 (ഗു.വിഹിതം)<br>ആകെ:₹1,23,000/- | ₹32,800/- (തനത് ഫണ്ട്) | 026562/12.11.2021 |
| 2 | എസ്.0207/22, ബയോഫ്ലോക്ക് മത്സ്യകൃഷി (സ്പിൽ ഓവർ) | 36800 (തനത് ഫണ്ട്)<br>18400 (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>82800 (ഗു.വിഹിതം)<br>ആകെ:₹1,38,000/- | ₹35,356/- (തനത് ഫണ്ട്) | 026551/27.10.2021 |
| 3 | എസ്.0105/22, പടുത കുളത്തിലെ മത്സ്യകൃഷി (എസ്.സി.പി.) | 61500 (തനത് ഫണ്ട്)<br>30750 (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>30750 (ഗു.വിഹിതം)<br>ആകെ:₹1,23,000/- | ₹60,000/- (തനത് ഫണ്ട്) | 027130/24.03.2022 |
| 4 | എസ്.0097/22, ബയോഫ്ലോക്ക് മത്സ്യകൃഷി | 100000 (തനത് ഫണ്ട്)<br>239200 (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>200000 (ബ്ലോക്ക് പഞ്ചായത്ത്)<br>200000 (ജില്ലാ പഞ്ചായത്ത്)<br>1076400 (ഗു.വിഹിതം)<br>ആകെ:₹18,15,600/- | ₹33,854/-<br>₹34266/-<br>---------------<br>₹68,080/- (തനത് ഫണ്ട്) | 027130/ 24.03.2022<br>026999/ 17.03.22 |

| | | | | |
|---|---|---|---|---|
| 5 | എസ്.0101/22, ബയോഫ്ലോക്ക് മത്സ്യകൃഷി (ടി.എസ്.പി.) | 92000 (തനത് ഫണ്ട്)<br>46000 (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>ആകെ:₹1,38,000/- | ₹91,700/- (തനത് ഫണ്ട്) | 027126/ 18.03.2022 |
| 6 | എസ്.0099/22, ബയോഫ്ലോക്ക് മത്സ്യകൃഷി (എസ്.സി.പി.) | 207000 (തനത് ഫണ്ട്)<br>103500(സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>103500 (ഗു.വിഹിതം)<br>ആകെ:₹4,14,000/- | ₹2,03,311/- (തനത് ഫണ്ട്) | 027130/ 24.03.2022 |
| | ആകെ ചെലവ് | | ₹4,91,247/- | |

മേൽ പറഞ്ഞ സർക്കാർ ഉത്തരവനുസരിച്ച് പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് യൂണിറ്റ് ചെലവിന്റെ 40% -വും പട്ടിക ജാതി ഗുണഭോക്താക്കൾക്ക് 75% -വും പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക് 100% -വും ധനസഹായം അനുവദിക്കാവുന്നതാണ്. സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് വിഹിതം തദ്ദേശഭരണ സ്ഥാപനവും മൂന്നിൽ ഒന്ന് വിഹിതം ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണ്. മേൽ പറഞ്ഞ പ്രോജക്ടുകൾ നടപ്പിലാക്കിയപ്പോൾ താഴെ പറയും പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ ഫിഷറീസ് വകുപ്പിന്റെ വിഹിതം നൽകിയതിന്റെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഗുണഭോക്താവിന്റെ കണക്കുകൾ പ്രകാരം യൂണിറ്റ് ചെലവ് | സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിമിതപ്പെടുത്തിയത് പ്രകാരം യൂണിറ്റ് ചെലവ് | അനുവദിച്ച ധനസഹായം |
|---|---|---|---|---|
| എസ്.0208/22, വീട്ടുവളപ്പിൽ പടുതാക്കുളത്തിൽ മത്സ്യകൃഷി (സബ്സിഡി 40%) | | | | |
| 1 | സേവ്യർ ബാബു | 1,27,852 | 82000 | 32800 |
| എസ്.0207/22, ബയോഫ്ലോക്ക് മത്സ്യകൃഷി (സബ്സിഡി 40%) | | | | |
| 1 | ലിബിൻ തോപ്പിൽ | 105636 | 88390 | 35356 |
| എസ്.0105/22, പടുത കുളത്തിലെ മത്സ്യകൃഷി - എസ്.സി.പി. (സബ്സിഡി 75%) | | | | |
| 1 | ബിജു കെ. | 88015 | 80000 | 60000 |
| എസ്.0097/22, ബയോഫ്ലോക്ക് മത്സ്യകൃഷി (സബ്സിഡി 40%) | | | | |
| 1 | സഞ്ജു പി.എസ് | 100346 | 85565 | 34226 |
| 2 | അബ്രഹാം ചരുവിളയിൽ | 91765 | 84635 | 33854 |
| എസ്.0101/22, ബയോഫ്ലോക്ക് മത്സ്യകൃഷി - ടി.എസ്.പി. (സബ്സിഡി 100%) | | | | |
| 1 | മണികണ്ഠൻ | 104188 | 91700 | 91700 |
| എസ്.0099/22, ബയോഫ്ലോക്ക് മത്സ്യകൃഷി - എസ്.സി.പി. (സബ്സിഡി 75%) | | | | |
| 1 | രമേഷ് | 95605 | 90543 | 67907 |
| 2 | റിലേഷ് | 98562 | 90269 | 67702 |
| 3 | ചന്ദ്രൻ.ഐ. | 98497 | 90269 | 67702 |

| | |
|---|---|
| ആകെ | ₹4,91,247/- |

വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം. 02/2021-22/ 17.10.2022) മറുപടിയായി ഫിഷറീസ് വകുപ്പിൽ നിന്നുള്ള തുക ലഭ്യമാകാൻ കാലതാമസമുള്ളതിനാൽ ഫിഷറീസ് ഡയറക്ടറുടെ നിർദ്ദേശ പ്രകാരം അടിസ്ഥാന സൗകര്യവികസനത്തിനുള്ള ചെലവിന് അനുസൃതമായ ധനസഹായം തദ്ദേശഭരണ സ്ഥാപനത്തിന്റെ ഫണ്ടിൽ നിന്ന പ്രവർത്തന ചെലവിന് അനുസൃതമായ ധനസഹായം ഫിഷറീസ് വകുപ്പിൽ നിന്നുമാണ് കൊടുത്തുവരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞ ഗുണഭോക്താക്കളിൽ ബിജു കെ, അബ്രഹാം ചരുവിളയിൽ, മണികണ്ഠൻ എന്നിവർ ഒഴികെയുള്ളവർക്ക് ഫിഷറീസ് വകുപ്പിൽ നിന്നുള്ള ധനസഹായം നൽകിയിട്ടുണ്ടെന്നും ധനസഹായം നൽകാൻ ബാക്കിയുള്ളവരുടെ ആയത് നൽകുന്ന മുറയ്ക്ക് രേഖകൾ പരിശോധനക്ക് സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നൽകാൻ ബാക്കിയുള്ള ധനസഹായം നൽകി രേഖകൾ സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 ഭവന നിർമ്മാണം ലൈഫ് പൂർത്തിയാക്കാത്ത വീടുകൾ സംബന്ധിച്ച വിവരം

| ലൈഫ് ഫേസ് 2- (2018-19) | | | | |
|---|---|---|---|---|
| | ജനറൽ | എസ് സി | എസ് ടി | ആകെ |
| കരാർ വെച്ചവർ | 92 | 47 | 3 | 142 |
| പൂർത്തീകരിച്ചത് | 85 | 31 | 2 | 118 |
| പൂർത്തിയാക്കാത്തത് | 7 | 16 | 1 | 24 |

| ലൈഫ് ഫേസ് 3 (2019-20) | | | | |
|---|---|---|---|---|
| | ജനറൽ | എസ് സി | എസ് ടി | ആകെ |
| കരാർ വെച്ചവർ | 7 | 17 | 0 | 24 |
| പൂർത്തീകരിച്ചത് | 1 | 3 | 0 | 4 |
| പൂർത്തിയാക്കാത്തത് | 6 | 14 | 0 | 20 |

| ലൈഫ് എസ് സി-എസ് ടി അഡീഷണൽ (2020-21) | | | | |
|---|---|---|---|---|
| | ജനറൽ | എസ് സി | എസ് ടി | ആകെ |
| കരാർ വെച്ചവർ | 7 | 17 | 0 | 24 |
| പൂർത്തീകരിച്ചത് | 1 | 3 | 0 | 4 |
| പൂർത്തിയാക്കാത്തത് | 6 | 14 | 0 | 20 |

ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ സ.ഉ.(കൈ)നം 34/2018, ത.സ്വ.ഭ.വ , തിയതി 16.3.2018 അനുസരിച്ച് കരാറിലേർപ്പെട്ട് 6 മാസത്തിനകം ഭവന നിർമാണം പൂർത്തിയാക്കണമെന്നും, ടി ഭവനം 12 വർഷത്തേക്ക് കൈമാറ്റം ചെയ്യരുത് എന്നും വ്യവസ്ഥയുണ്ട്. ഇക്കാര്യം മാതൃകാ കരാറിലെ 4, 5 വ്യവസ്ഥകളായി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. കരാർ വ്യവസ്ഥ 7 പ്രകാരം വീട്ട പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളിൽ നിന്നും 12% പലിശ സഹിതം ധനസഹായ തുക തിരികെ ഈടാക്കേണ്ടതാണ്. വീട്ട പണി പൂർത്തിയാക്കി അറിയിക്കേണ്ടതാണ്.

## 1-22 ബയോബിൻ വിതരണം- വിതരണം ചെയ്ത രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണം- വി ഇ ഒ

| ക്രമ നം. | പ്രോജക്ട് | അടങ്കൽ | ചെലവ് | ചെക്ക് നം., തീയതി |
|---|---|---|---|---|
| 1 | എസ്.0134/22, വാസഗൃഹങ്ങൾക്ക് ബയോബിൻ സ്ഥാപിക്കൽ | 12,00,000(കേന്ദ്ര വിഹിതം) 133380(ഗ്ര.വിഹിതം സ്ഥാപനത്തിൽ അടക്കുന്നത്) | ₹10,26,014 റെയ്ഡ്കോക്ക് നൽകി. | 26985/28.2.22 |

| | | | | |
|---|---|---|---|---|
| | | ആകെ:₹ 14,00,000 | | |
| ആകെ ചെലവ് | | | ₹10,26,014 | |

വിതരണ ഏജൻസിയായ റെയ്ഡ്കോ ആണ് ടെണ്ടറിൽ കുറഞ്ഞവില ക്വാട്ട് ചെയ്തത്. ഒരു ബിന്നിന് 1639 രൂപയാണ് റെയ്ഡ്കോ ക്വാട്ട് ചെയ്തത്.626 ബിന്നിന്റെ വിലയായ 10,26,014 രൂപയാണ് റെയ്ഡ്കോയ്ക്ക് നൽകിയത്. 626 ഗുണഭോക്താക്കൾക്ക് വിതരണ ഏജൻസിയായ റെയ്ഡ്കോ ബയോബിൻ നേരിട്ട് വിതരണം ചെയ്തതായാണ് ഓഡിറ്റിൽ വിശദീകരിച്ചത് എന്നാൽ വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിതരണ വിവരം ഓഡിറ്റിന്റെ പരിശോധനക്ക് ഹാജരാക്കണം അല്ലാത്തപക്ഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. 10,26,014 രൂപ ചെലവഴിച്ചത് തടസ്സത്തിൽ വെക്കുന്നു.

## 1-23 ഹോമിയോ മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കിയില്ല.

പ്രൊജക്റ്റ് നം – S0088/22

അടങ്കൽ തുക – 100000/-

ചെലവ് - 100000/-ബിൽ നം 1/2021-22

നിർവഹണം - മെഡിക്കൽ ഓഫീസർ(ഹോമിയോ)

ഹോമിയോ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ 'ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ' എന്ന പ്രൊജക്ട് പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസിയുടെ പി.എഫ്-1181/15.12.21 എന്ന പ്രൊഫോർമ ഇൻവോയ്സ് അനുസരിച്ച് ഒരു ലക്ഷം രൂപ 16.01.22 ന് അടവാക്കിയിട്ടുണ്ട്. തുക അടവാക്കി മാസങ്ങൾ കഴിഞ്ഞിട്ടും നാളിതുവരെയും മരുന്നുകൾ ആശുപത്രിയിൽ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നിർവഹണ ഉദ്യോഗസ്ഥൻ ഹോംകോക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും ആയതിന് ഹോംകോയിൽനിന്ന് മറുപടി ലഭ്യമായിട്ടില്ല. ഈ കാലതാമസം കാരണം ആശുപത്രിയിൽ മരുന്നുകൾക്ക് അപര്യാപ്തത ഉണ്ടാവുകയും രോഗികൾക്ക് മരുന്ന ലഭ്യമാവാത്ത സാഹചര്യവും ഉണ്ടായിട്ടുണ്ട്.വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-12/21-22തിയ്യതി 22.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല.മരുന്നുകൾക്കായി ഹോംകോയ്ക്ക് മുഴുവൻ തുകയും നൽകുന്നതിനു മുമ്പ് കൃത്യമായ കരാറിൽ ഏർപ്പെടുന്നതിനും സമയബന്ധിതമായി മരുന്നുകൾ ലഭ്യമാക്കുന്നതിനുമായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവുതുക തടസ്സത്തിൽ വെക്കുന്നു

## 1-24 ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ(2021-22 വർഷം) അനുവദിച്ചതു സംബന്ധിച്ച്

പഞ്ചായത്തിലെ ജീവനക്കാർക്കും സെക്രട്ടറിക്കും 2021-22 വർഷത്തിൽ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ജീവനക്കാർക്ക് വൗച്ചർ നം.22100224/02-06-2021 പ്രകാരം ₹ 645477 / യും സെക്രട്ടറിക്ക് വൗച്ചർ നം.22100233/02-06-2021 പ്രകാരം ₹80198/- യുമാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ജി.ഒ(പി)104/2021/ഫിൻ തീ.26-07-2021 ൽ 01-06-2021 മുതൽ 30-11-2021വരെയും തുടർന്ന് ജി.ഒ(പി)160/2021/ഫിൻ തീ.01-12-2021ൽ 2021-22 വർഷം ആർജിതാവധി സറണ്ടർ അനുവദിക്കുകയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.ഈ സാഹചര്യത്തിൽ ആർജിതാവധി സറണ്ടർ(2021-22 വർഷം) അനുവദിച്ചത് ക്രമ പ്രകാരമല്ല. ആയതിനാൽ വൗച്ചർ നം.22100224/02-06-2021 പ്രകാരം ചെലവഴിച്ച ₹645477/യിൽ ശ്രീമതി ഷീബ കെ,ഓഫീസ് അറ്റന്റന്റ്ന് അനുവദിച്ച 41964/രൂപയും ശ്രീ.അജേഷ് ദാസ്.ജി,ഓഫീസ് അറ്റന്റന്റ്ന് അനുവദിച്ച 8703/യും ശ്രീ മണി.എസ്,എഫ്.ടി.എസ് ന് അനുവദിച്ച 29729/ രൂപയും കുറച്ച് 565081/രൂപയും വൗച്ചർ നം.22100233/02-06-2021 പ്രകാരം അനുവദിച്ച 80198/രൂപയും ഉൾപ്പെടെയുള്ള ചെലവ് തുക ₹ 645279/ ഓഡിറ്റിൽ തടസത്തിൽ വയ്ക്കുന്നു. തുക കൈപ്പറ്റിയ ജീവനക്കാരുടെ പേരും കൈപ്പറ്റിയ തുകയും ചുവടെ ചേർക്കുന്നു.

| ക്രമനം. | ജീവനക്കാരുടെ പേര്/തസ്തിക | കൈപ്പറ്റിയ തുക |
|---|---|---|
| 1. | പി.കെ. ഇന്ദിര,സെക്രട്ടറി | 80198 |
| 2. | ഷാജികുമാർ.പി.ആർ, അസി.സെക്രട്ടറി | 67877 |
| 3. | ജയപ്രശാന്ത്.സി, ജൂനിയർ സൂപ്രണ്ട് | 60329 |

| | | |
|---|---|---|
| 4. | ഷിജു.പി.കെ, അക്കൗണ്ടന്റ് | 53558 |
| 5. | അനിരുദ്ധൻ.പി.വി,സീനിയർ ക്ലാർക്ക് | 53558 |
| 6. | സരിത.എൻ,സീനിയർ ക്ലാർക്ക് | 49895 |
| 7. | രാജ്മോഹൻ,ക്ലാർക്ക് | 42963 |
| 8. | ഷിജുല.പി, ക്ലാർക്ക് | 39966 |
| 9. | മധു.സി.കെ, ക്ലാർക്ക് | 57554 |
| 10. | മാക്സ്‌വെൽ ലോപ്പസ്, ക്ലാർക്ക് | 34971 |
| 11. | ജോയ്സി ദേവസ്യ, ക്ലാർക്ക് | 37968 |
| 12. | ഇഗ്നേഷ്യസ് കെ.ഡി,ക്ലാർക്ക് | 34083 |
| 13. | ഉണ്ണിമോയി,ഡ്രൈവർ | 32359 |
| ആകെ | | 645279 |

### 1-25 മരം മുറിച്ചുമാറ്റൽ-തുടർ നടപടികളില്ല

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ അപകട ഭീഷണിയായി നില്ക്കുന്ന മരങ്ങൾ (മാവ്,പൂമരം എന്നിവ) മുറിച്ചുമാറ്റിയ വകയിൽ വൗച്ചർ നം.22100251/12-6-21 പ്രകാരം ₹7500/യും വൗച്ചർ നം.22100862/17-11-21 പ്രകാരം ₹6000/യുംചെലവഴിച്ചിട്ടുണ്ട്.മുറിച്ചുമാറ്റിയ മരങ്ങൾ എന്തു ചെയ്തു എന്നതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള(നം.08/21-22/20-10-22) മറുപടിയിൽ വനം വകുപ്പിൽ നിന്ന് വാല്വേഷൻ ലഭ്യമാക്കാത്തതുകൊണ്ടാണ് തുടർനടപടികൾ സ്വീകരിക്കാത്തത് എന്നാണ് അറിയിച്ചിട്ടുള്ളത്. മരം വില്പന നടത്തുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവ് തുക 13500/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 19/10/2022 മുതൽ 22/10/2022 വരെ | ഈ റിപ്പോർട്ട് അനുബന്ധം -I ആയി ചേർക്കുന്നു. |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| തുക നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 399000 | ഭിന്നശേഷി സ്കോളർഷിപ്പ് | 399000 | 0 |
| ജില്ലാ പഞ്ചായത്ത് | 262500 | ഗോത്രസാരഥി പദ്ധതി | 262500 | 0 |
| ജില്ലാ പഞ്ചായത്ത് | 1946000 | ലൈഫ് മിഷൻ ടി എസ് പി (SO) | 1946000 | 0 |
| ജില്ലാ പഞ്ചായത്ത് | 477100 | ലൈഫ് മിഷൻ (SCP) | 477100 | 0 |
| ജില്ലാ പഞ്ചായത്ത് | 240000 | ലൈഫ് മിഷൻ SCP (SO) | 240000 | 0 |
| ജില്ലാ പഞ്ചായത്ത് | 877766 | തൈലക്കുന്ന് കുടിവെള്ള പദ്ധതി | 877766 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 210471 | ചുണ്ടവയൽ കുടിവെള്ള പദ്ധതി | 210471 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 520000 | ലൈഫ് മിഷൻ (SCP) | 520000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 400000 | ലൈഫ് മിഷൻ ടി എസ് പി | 400000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ/ ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴ്ക്കാൻ ബാക്കിയുഴള്ള തുക |
|---|---|---|---|---|---|
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | മുതൽ | പലിശ | |
|---|---|---|---|---|---|---|
| ലൈഫ് മിഷൻ ഭവന വായ്പ | 151/17 Dtd 31/07/2017 | 3241333 | 17178810 | 3241333 | - | 13937477 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4,24,924 |
| തൻവർഷം നിക്ഷേപിച്ച തുക | 50,28,682 |
| ആകെ | 5453606 |
| തന്നാണ്ടിൽ പിൻവലിച്ച തുക | NIL |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5453606 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | കേരള ബാങ്ക് | 03/06/2013 | | 5453606 | നാളിതുവരെയുള്ള പലിശയുൾപ്പെടെയുള്ള തുക 5453606/- ( 50,00,000 രസീറ്റ് നം 258950, 4,53,606 രസീറ്റ് നം 65295 ) |

## 4-7 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | തുക | രസീറ്റ് നം |
|---|---|---|---|

| | | | |
|---|---|---|---|
| 2016-17 | 2-8 | 304522 | 1210102889/30.10.21 |
| 1999-00 | 32 | 711 | 1210104639/2-3-22 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

വൈത്തിരി പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016/17 | 2.7 | 2017/18 | 2 | വൈത്തിരി വില്ലേജ് റിസോർട്ടിന് വസ്തുനികുതി ചുമത്തിയതിലെ അപാകതകൾ | കോടതിയിൽ കേസ് നിലനിൽക്കുന്നു |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 9,07,61,481 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 8,96,58,458 |
| വരവിനങ്ങളിലുള്ള നഷ്ടം | : 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 1946365 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| | ഇല്ല | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 161572 | അഖിൽ പി, കൃഷി ഓഫീസർ |
| 1-22 | 1026014 | ശ്രീലത എ , വി ഇ ഒ |

| | | |
|---|---|---|
| 1-23 | 1,00,000 | ഡോ. ജൂബിന, മെഡിക്കൽ ഓഫീസർ ഹോമിയോ |
| 1-24 | 6,45,279 | പി.കെ.ഇന്ദിര, സെക്രട്ടറി |
| 1-25 | 13,500 | പി.കെ.ഇന്ദിര, സെക്രട്ടറി |
| ആകെ | 1946365 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | |
|---|---|

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | LF(W) P1/109/09 തീയതി 05.02.09 | 6 |
| 1998-99 | KSA(WYD)P1/175/22(1) തീയതി 24.08.2022 | 5 |
| 1999-00 | KSA(WYD)P1/175/22(2) തീയതി 24.08.2022 | 13 |
| 2000-01പ്ലാൻ | LF(W) P3/102/04/03.04.07 | 4 |
| 2001-02 പ്ലാൻ | LF(W) P3/103/04 തീയതി 3.8.06 | 4 |
| 2001-02 | KSA(WYD)P1/175/22(4) തീയതി 24.08.2022 | 2 |
| 2008-09 | KSA(WYD)P1/175/22(9) തീയതി 24.08.2022 | 1 |
| 2011-12 | KSA(WYD)P1/175/22(12) തീയതി 24.08.2022 | 1 |
| 2014-15 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി1-175/22(15) Dated 24.08.2022 | 5 |
| 2015-16 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി1-175/22(16)dated 24.08.2022 | 7 |
| 2016-17 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി1-175/22(17) Dated 24.08.2022 | 10 |
| 2017-18 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി1-175/22(18)dated24.08.2022 | 11 |
| 2018-19 | നം.കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി.പി1-175/22(19) Dated 24.08.2022 | 12 |

| | | |
|---|---|---|
| 2019-20 | നം.കെ.എസ്.എ ഡബ്ല്യു.വൈ.ഡി.പി1-287/2021 തീ 06.04.2022 | 25 |
| 2020-21 | നം.കെ.എസ്.എ ഡബ്ല്യു.വൈ.ഡി.പി1-666/2022 തീ 30.7.22 | 34 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 3

## Abstract of Annual Financial Statement

**Vythiri Grama Panchayat**
**RECEIPT & PAYMENT STATEMENT**

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 22046764.00 |
| Cash | Cash | RP-40(a) | 202185.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 4191305.00 |
| 130000000 | Rental income from Panchayat Properties | RP-3 | 5408.00 |
| 140000000 | Fees & User Charges | RP-4 | 1250174.00 |
| 150000000 | Sale & Hire Charges | RP-5 | 269787.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 42661329.00 |
| 171000000 | Interest Earned | RP-9 | 486817.00 |
| 230000000 | Operations & Maintenance | RP-14 | 250.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 21571697.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 15493923.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 326825.00 |
| 330000000 | Secured Loans | RP-31 | 1500000.00 |
| 340000000 | Deposits Received | RP-33 | 1824721.00 |
| 350000000 | Other Liabilities | RP-35 | 1179245.00 |
| | **Grand total** | | **113010430.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 850.00 |
| 230000000 | Operations & Maintenance | RP-14 | 55220.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-16 | 6199856.00 |
| 251000000 | Decentralised Plan Programme- Service Sector | RP-17 | 17839551.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-18 | 6035002.00 |
| 412000000 | Capital Work In Progress | RP-39 | 1303791.00 |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 722793.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 479093.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 428749.00 |
| 350000000 | Other Liabilities | RP-35 | 56593553.00 |
| 413000000 | Annual Plan- Capital Expences (Productive Sector) | RP-40 | 0.0 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 22886372.00 |
| Cash | Cash | RP-40(b) | 465600.00 |
| | **Grand Total** | | **113010430.00** |



Digitally signed by INDIR
Date: 2022.07.30 13:13:0
Reason: Approval
Location: Kerala

# Vythiri Grama Panchayat
## INCOME & EXPENDITURE STATEMENT

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 19354253.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 693024.00 |
| 140000000 | Fee & User Charges | I-4 | 1519674.00 |
| 150000000 | Sale & Hire Charges | I-5 | 269787.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 161319493.00 |
| 170000000 | Income from Investments | I-7 | 28682.00 |
| 171000000 | Interest Earned | I-8 | 486817.00 |
| 180000000 | Other Income | I-9 | 326825.00 |
| 190000000 | Prior Period Income | I-19 | 0.0 |
| | **Total Income** | | **183998555.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 15386106.00 |
| 220000000 | Administrative Expenses | I-11 | 2000544.00 |
| 230000000 | Operations & Maintenance | I-12 | 4370278.00 |
| 240000000 | Interest & Finance Charges | I-13 | 20612.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6369216.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 36754335.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 18957506.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 53633056.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 41858120.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 818350.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 16843555.00 |
| | **Total Expenditure** | | **197011678.00** |
| | **Gross Surplus / Deficit of income over Expenditure** | | **13013123.00** |
| | **Gross Surplus / Deficit of income over Expenditure** | | **13013123.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 0.0 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **0.0** |



Digitally signed by INDIRA
Date: 2022.07.30 13:12:4
Reason: Approval
Location: Kerala

**Vythiri Grama Panchayat**
**BALANCE SHEET**

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 42348382.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 66743.00 |
| 312000000 | Reserves | B-3 | 45420516.00 |
| | **Total Reserve & Surplus** | | **87835641.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 16370729.00 |
| | **Total Grants, Contributions for Specific Purposes** | | **16370729.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 15437477.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **15437477.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 3919762.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 3057348.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **6977110.00** |
| | **TOTAL LIABILITIES** | | **126620957.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 13281835.00 |
| 412000000 | Capital Work in Progress | B-11(b) | 155482.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 723028.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 17534605.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 73555803.00 |
| 416000000 | Accumulated Depreciation | B-11(a) | -31239288.00 |
| | **Total Fixed Assets** | | **74011465.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 5453606.00 |



Digitally signed by INDIRA
Date: 2022.07.30 13:12:3
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **5453606.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 4384193.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 15437477.00 |
| 450000000 | Cash and Bank Balance | B-17 | 23351972.00 |
| 460000000 | Loans, Advances and Deposits | B-18 | 3982244.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **47155886.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **126620957.00** |



Deputy Director (H. G.)
District Audit Office Wayanad
Kerala State Audit Department